പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.303

27.2.2017 ൽ മറുപടിയ്ക്ക്

## സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിസിന്റെ പ്രവർത്തന പുരോഗതി

ചോദ്യം

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിസിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിസി(SID)യുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി എസ്.ഐ.ഡി ഇംപ്ലിമെന്റേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റിയിൽ സാമൂഹ്യനീതി, ആരോഗ്യ, വിദ്യാഭ്യാസ വകുപ്പ് അദ്ധ്യക്ഷന്മാരും ധന വകുപ്പിന്റെ പ്രതിനിധിയും അംഗങ്ങളാണ്. എസ്.ഐ.ഡി യുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നുള്ളതാണ് കമ്മിറ്റിയുടെ ഉദ്ദേശം. കൃത്യമായ ഇടവേളകളിൽ ഈ കമ്മിറ്റി യോഗം ചേർന്ന് എസ്.ഐ.ഡി യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്തു ണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായ എന്തെല്ലാം മാറ്റങ്ങളാണ് ഇപ്പോഴു ണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ? | (ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾ കൂടി ഉൾപ്പെടുത്തി വൈകല്യമുള്ള വ്യക്തികളുടെ അവകാശം സംരക്ഷിച്ചുകൊണ്ട് വൈകല്യങ്ങൾ പ്രതിരോധിക്കുന്നതു മുതൽ പുനരധിവാസം വരെയുള്ള ഒരു സമഗ്ര ജീവ ചക്ര സമീപനമാണ് എസ്.ഐ.ഡി 2017—18 മുതൽ അംഗപരിമിത മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ Rights of Persons with Disabilities 2016 ആക്റ്റിന്റെ കീഴിൽ വരുന്ന വൈകല്യങ്ങൾ കൂടി ഉൾപ്പെടുത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്ന പദ്ധതികളും ആണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ